പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3997 — 16.12.2014-ൽ മറുപടിയ്ക്ക്

# കെ. എസ്. ഇ. ബി. നഗരപുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വർക്കല കഹാർ :<br>ശ്രീ. സി. പി. മുഹമ്മദ് :<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) കെ. എസ്. ഇ. ബി. നഗരപുനരാവിഷ്കൃത ഊർജ്ജിത വികസന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) പ്രസരണ-വിതരണ വാണിജ്യ നഷ്ടം 15 % ത്തിൽ താഴെയാക്കി കുറയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതി (RAPDRP-Part B). 1078 കോടി രൂപ അടങ്കൽ തുകയുള്ള ഈ പദ്ധതി സംസ്ഥാനത്തെ 43 പട്ടണങ്ങളിൽ ഇപ്പോൾ നടപ്പിലാക്കി വരുന്നു. ഇതിൽ 40 പട്ടണങ്ങളിലെ പ്രവൃത്തികൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഡിപ്പാർട്ട്മെന്റലായും 3 പട്ടണങ്ങളിലെ പ്രവൃത്തികൾ ടേൺ കീ അടിസ്ഥാനത്തിലും നടപ്പിലാക്കി വരുന്നു. നാളിതുവരെ 298 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയായി. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് വിശദമാക്കുമോ ; | (ബി) വൈദ്യുതി വിതരണ മേഖല ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് പുനരാവിഷ്കരണ ഊർജ്ജിത ഊർജ്ജ വികസന പദ്ധതി. പ്രദേശത്തെ വൈദ്യുതി വിതരണം പൂർണ്ണമായി ആധുനികവത്കരിച്ച് പ്രസരണ – വിതരണ വാണിജ്യ നഷ്ടം 15% ത്തിൽ താഴെയാക്കി കുറയ്ക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി എല്ലാ ഉപഭോക്താക്കൾക്കും ലഭ്യമാക്കുവാനുമാണ് ഈ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത് |
| (സി) സമ്പൂർണ്ണ വൈദ്യുതീകരണത്തിന് പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ; | (സി) സമ്പൂർണ്ണ വൈദ്യുതീകരണത്തിനായുള്ള പദ്ധതികളിൽ ഈ പദ്ധതി ഉൾപ്പെടുന്നില്ല. |

| | | | |
|---|---|---|---|
| (ഡി) | എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് പ്രസ്തുത പദ്ധതി നടത്തിപ്പിനായി ലഭിക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കുമോ ? | (ഡി) | ആർ.എ.പി.ഡി.ആർ.പി രണ്ടു ഭാഗങ്ങളിലായാണ് നടപ്പിലാക്കുന്നത്. വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ പാർട്ട്-എ യിൽ 297.54 കോടി രൂപ അടങ്കൽ തുകയുള്ള പ്രവൃത്തികൾക്കാണ് അനുമതി ലഭിച്ചത്. ഇത് 100% വായ്പയായാണ് കേന്ദ്ര സർക്കാർ ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ഇത് ഗ്രാന്റായി മാറ്റുന്നതാണ്. ഇതിൽ നാളിതുവരെ 89.26 കോടി രൂപ ലഭിച്ചിട്ടുണ്ട്. ആർ.എ.പി.ഡി.ആർ.പി പാർട്ട്-ബി യിൽ 1078 കോടി രൂപ അടങ്കൽ തുകയുള്ള പ്രവൃത്തികൾക്കാണ് കേന്ദ്ര സർക്കാർ അനുമതി ലഭിച്ചത്. ഇതിൽ 25% വായ്പയായാണ് കേന്ദ്രസർക്കാർ ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ഇത് ഗ്രാന്റായി മാറ്റുന്നതാണ്. പാർട്ട്-ബി പദ്ധതിയ്ക്കായി കേന്ദ്ര സർക്കാരിൽ നിന്നും ഇതുവരെ 161.74 കോടി രൂപ ലഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**